ഈ റിപ്പോർട്ട് ലഭിച്ചോ എന്നുപറയാമോ ; ഈ റിപ്പോർട്ടുകൾ ലഭിക്കാൻ തുടർന്ന് കളക്ടറേറ്റിൽനിന്നും കത്തിടപാടുകൾ നടത്തിയത് എന്നായിരുന്നു എന്നു പറയാമോ ; പ്രസ്തുത കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഇ) മനോരമ ജംങ്ഷൻ വികസനത്തിന് 335 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിച്ച് ഭരണാനുമതി ലഭിച്ച് ഇത്ര കാലം കഴിഞ്ഞിട്ടും ജോലി ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രസ്തുത തുക lapse ആകുമെന്ന് അറിയിച്ചിട്ടുണ്ടോ ; ഇപ്രകാരം നടപടികൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ; അവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) ചേർത്തല മനോരമ കവലയുടെ വികസനത്തിനായി 335 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി ഏകദേശം 122 കടകൾ പൊളിച്ചുമാറ്റേണ്ടതുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി 27-9-2013-ൽ ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബഹു. ചേർത്തല എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും പുനരധിവാസ പാക്കേജ് തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെയും തഹസിൽദാരെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മിനിറ്റ്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) 27-9-2013-ൽ ചേർന്ന യോഗത്തിന്റെ മിനിട്സ് 9-10-2013-ൽ പൊതുമരാമത്ത്, റവന്യൂ ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുത്തിട്ടുള്ളതും തുടർന്ന് 6-1-2014, 22-2-2014, 20-3-2014 തീയതികളിൽ ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിട്ടുള്ളതുമാണ്. ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 17-6-2014-ൽ പുനരധിവാസത്തിനുള്ള സ്ഥലം കണ്ടെത്തുവാൻ സാധ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) നടപടിക്രമങ്ങൾ പാലിച്ചുമാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുവാൻ നിർവ്വാഹമുള്ളൂ. 122 കടയുടമകളെ പുനരധിവസിപ്പിക്കുവാൻ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

സീറോ ലാന്റ് പ്രോഗ്രാം

181 (7150) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീറോ ലാന്റ്‌ലെസ്സ് പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തു ; വിശദാംശം ലഭ്യമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 31 വ്യക്തികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. റിവ്വേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ലെക്കിടി പേരൂർ	2	4
ഒറ്റപ്പാലം	2	2
കരിമ്പുഴ	1	23
കരിമ്പുഴ	2	2

കാസർഗോഡ് ജില്ലയിൽ സീറോലാന്റ് ലസ് പദ്ധതിയിൽ പതിച്ചുനൽകുന്ന ഭൂമി

182 (7151) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ച ഭൂമി സീറോലാന്റ് ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ച് നൽകുന്നതിനെതിരായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി നീക്കിവച്ച ഭൂമി സീറോലാന്റ് ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചുനൽകുന്നതിനുള്ളനീക്കം ഉപേക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഏതാനും ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക വികസന പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്തതും വാണിജ്യ പ്രാധാന്യമുള്ളതുമായ സ്ഥലങ്ങൾ ഒഴിവാക്കി വീട് നിർമ്മിക്കുവാൻ പര്യാപ്തമായ പതിവിനുവിധേയമായ സർക്കാർ ഭൂമി മാത്രമാണ് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ വിതരണം ചെയ്യുന്നത്.

(ബി) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ സർക്കാർ ഭൂമി മുഴുവനായും പ്രസ്തുത പദ്ധതിക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly